**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2566** **07-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് ഈടാക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. ഗാർഹിക ഉപഭോക്താക്കളിൽ നിന്നും ഡെപ്പോസിറ്റ് ഈടാക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 ലെ 67-ാം ചട്ടം പ്രകാരം പ്രീപെയ്ഡ് മീറ്റർ അല്ലാത്തപക്ഷം ദ്വൈമാസ ബില്ലിംഗുള്ള എല്ലാ ഉപഭോക്താക്കളും ശരാശരി പ്രതിമാസ ബിൽ തുകയുടെ മൂന്നിരട്ടിയും പ്രതിമാസ ബില്ലിംഗിന് കീഴിലുള്ള എല്ലാ ഉപഭോക്താക്കളും ശരാശരി പ്രതിമാസ ബിൽ തുകയുടെ രണ്ടിരട്ടിയും സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബിപിഎൽ വിഭാഗത്തിൽപ്പെടുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് അവരുടെ പ്രതിമാസ ഉപഭോഗം മുപ്പത് യൂണിറ്റ് കവിയാത്തപക്ഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകേണ്ടതില്ല എന്നും 67-ാം ചട്ടം വ്യവസ്ഥ ചെയ്യുന്നു.<br><br>നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ വൈദ്യുതി ഉപഭോഗത്തിന് ഒഴിച്ച് വൈദ്യുത ലൈനുകൾക്കോ ഉപകരണങ്ങൾക്കോ എനർജി മീറ്ററുകൾക്കോ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആവശ്യപ്പെടുന്നില്ല. |
| (ബി) | പ്രസ്തുത ഡെപ്പോസിറ്റ് നിരക്ക് ഉയർത്തുന്നതിന് കെ.എസ്.ഇ.ബി. നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | ഡെപ്പോസിറ്റ് തുക ഉയർത്തുന്നതിന് കെ.എസ്.ഇ.ബി.എൽ. നടപടി സ്വീകരിച്ചിട്ടില്ല. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 ലെ 73-ാം ചട്ട പ്രകാരം ഓരോ സാമ്പത്തിക വർഷത്തിന്റെയും ആദ്യ പാദത്തിൽ തൊട്ടു മുൻവർഷം ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള ഉപഭോഗത്തിനനുസരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് പര്യാപ്തമാണോയെന്ന വിലയിരുത്തേണ്ടതും കൂടുതലെങ്കിൽ ബാങ്ക് റേറ്റിലുള്ള പലിശ സഹിതം അടുത്ത രണ്ടു ബില്ലിനുള്ളിൽ ഉപഭോക്താവിനു കൂടുതലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് |

| | | | |
|---|---|---|---|
| | | | തിരികെ നൽകേണ്ടതുമാണ്. എന്നാൽ കുറവുള്ള പക്ഷം 30 ദിവസത്തെ നോട്ടീസ് നൽകി അധികമായി ആവശ്യം വരുന്ന തുക ഈടാക്കാനും കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 ലെ 73-ാം ചട്ടം വ്യവസ്ഥ ചെയ്യുന്നു. കോവിഡും അനുബന്ധ ലോക്ക് ഡൗണും കണക്കിലെടുത്ത് KSERC യുടെ അനുമതിയോടു കൂടി 2020-21 ലും 2021-22 ലും അധികമായി ആവശ്യം വരുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉപഭോക്താക്കളുടെ പക്കൽ നിന്നും വാങ്ങിയിരുന്നില്ല. എന്നാൽ കെ.എസ്.ഇ.ബി.എൽ.-ന്റെ പക്കലുള്ള അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് വൈദ്യുതി ചാർജ്ജിൽ ക്രമീകരിക്കുകയും ചെയ്തിരുന്നു. |
| (സി) | നാല് മാസത്തെ വൈദ്യുതി ബില്ലിന് തുല്യമായ തുക ഡെപ്പോസിറ്റ് അടയ്ക്കണമെന്ന നിർദ്ദേശം ഗാർഹിക ഉപഭോക്താക്കൾക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കിയെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ പ്രസ്തുത നിരക്ക് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 ലെ 67-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തത് പ്രകാരം ദ്വൈമാസ ബില്ലിംഗുള്ള എല്ലാ ഉപഭോക്താക്കളിൽ നിന്നും ശരാശരി പ്രതിമാസ ബിൽ തുകയുടെ മൂന്നിരട്ടിക്കു തുല്യമായ തുകയും പ്രതിമാസ ബില്ലിംഗിന് കീഴിലുള്ള എല്ലാ ഉപഭോക്താക്കളിൽ നിന്നും ശരാശരി പ്രതിമാസ ബിൽ തുകയുടെ രണ്ടിരട്ടിക്കു തുല്യമായ തുകയും മാത്രമേ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി കെ.എസ്.ഇ.ബി.എൽ. ഈടാക്കുന്നുള്ളൂ. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 ലെ വ്യവസ്ഥയ്ക്കനുസൃതമായിട്ടാണ് കെ.എസ്.ഇ.ബി.എൽ. സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഈടാക്കുന്നതെന്നതിനാൽ പ്രസ്തുത നിരക്ക് കുറയ്ക്കാൻ കെ.എസ്.ഇ.ബി.എൽ.-നു സാധിക്കുകയില്ല.<br><br>നിലവിലുള്ള ഉപഭോക്താക്കളുടെ കാര്യത്തിൽ അവരുടെ ശരാശരി ഉപഭോഗം കണക്കാക്കി സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പുനർനിർണ്ണയം ചെയ്യുന്നു. നിലവിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് ടി തുകയിൽ നിന്ന് കുറച്ച് ബാക്കി തുക അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കുന്നു. എന്നാൽ നിലവിലുള്ള സെക്യൂരിറ്റി തുക അവശ്യം വേണ്ട ഡെപ്പോസിറ്റ് തുകയേക്കാൾ കൂടുതൽ ആണെങ്കിൽ ബാക്കിയുള്ള തുക തൊട്ടടുത്ത ബില്ലുകളിൽ കുറവു ചെയ്തു കൊടുക്കപ്പെടുന്നു. ഇതിനു പുറമേ നിലവിലുള്ള ഡെപ്പോസിറ്റ് തുകയ്ക്ക് പലിശ നൽകുകയും ആയത് ബില്ലിൽ നിന്ന് കുറവു ചെയ്യുകയും ചെയ്യുന്നു. |
| | | | |

| | | | |
|---|---|---|---|
| (ഡി) | വൈദ്യുതി ബില്ലിനൊപ്പം തന്നെ വലിയ ഡെപ്പോസിറ്റ് തുകയും ഒറ്റത്തവണയായി അടയ്ക്കേണ്ടി വരുന്നത് ഗാർഹിക ഉപഭോക്താക്കളെ പ്രതിസന്ധിയിലാക്കും എന്നതിനാൽ ഡെപ്പോസിറ്റ് നിരക്ക് കുറച്ചുകൊണ്ട് ഗഡുക്കളായി അടയ്ക്കുന്നതിന് അവസരം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | 2020-21 ലും 2021-22 ലും അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക റെഗുലേറ്ററി കമ്മീഷന്റെ (KSERC) അനുമതിയോടു കൂടിയാണ് ഒഴിവാക്കിയിട്ടുള്ളത് എന്നതിനാൽ ഇനിയും സെക്യൂരിറ്റി ഡെപ്പോസിറ്റിന് ഗഡുക്കൾ നൽകാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ